**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 536** **08-10-2024 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള ഊർജ്ജിതമായ നടപടികൾ 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മൈനിംഗ് & ജിയോളജി, എക്സൈസ്, മോട്ടോർ വാഹനം, രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ എന്നീ വകുപ്പുകളിലെ വിവിധ ഇനങ്ങളുടെ നിരക്ക് വർദ്ധനവ് ഇതിൽ ഉൾപ്പെടുന്നു. അതോടൊപ്പം നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനും, ചെറുകിട മേഖലയ്ക്ക് കൂടുതൽ ഉണർവ് നല്കുന്നതിന്റെ ഭാഗമായും, ജി.എസ്.റ്റി വകുപ്പിലെ നികുതി കുടിശ്ശിക തീർപ്പാക്കുക എന്നതിന്റെ ഭാഗമായും 'ആംനസ്റ്റി 2024' പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു.**<br><br>**സംസ്ഥാനത്തിന്റെ പ്രധാന നികുതി വരുമാന മേഖലയായ ജി.എസ്.റ്റി വരുമാനം വർദ്ധിപ്പിക്കുന്നതിനായി, ജി.എസ്.റ്റി നിയമവ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ വകുപ്പിനെ പുന:സംഘടിപ്പിച്ച് നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് പുന:സംഘടനയിലൂടെ ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ചിട്ടുണ്ട്. സമ്പൂർണ്ണ ജി.എസ്.റ്റി പുന:സംഘടനയിലൂടെ ജി.എസ്.റ്റി വരുമാനം ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ദീർഘ കാലമായി പരിഷ്കരിക്കാത്ത നികുതി-നികുതിയേതര ഇനങ്ങളുടെ നിരക്കുകൾ കാലികമായി വർദ്ധിപ്പിക്കുന്നത് വഴിയും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിലൂടെയുമുള്ള വിഭവ** |

| | | | |
|---|---|---|---|
| | | | **സമാഹരണ പ്രവർത്തനങ്ങളും സർക്കാർ നടപ്പിലാക്കുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും, നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. റവന്യൂ വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകന യോഗം ചേരുന്നുണ്ട്. അതോടൊപ്പം, ദൈനംദിന ധനകാര്യ മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുമുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്.** |
| (ബി) | കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട അർഹമായ വിഹിതത്തിൽ ഹെഡ് തിരിച്ചുള്ള കുടിശ്ശിക വിവരം ലഭ്യമാക്കാമോ; | (ബി) | **പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ 2023-24 വരെ ഹെൽത്ത് സെക്ടർ ഗ്രാന്റ് ഇനത്തിൽ ആകെ 411.37 കോടി രൂപയും, അർബൻ ലോക്കൽ ബോഡി ഗ്രാന്റ് (ULB Grant) ഇനത്തിൽ ആകെ 143.32 കോടി രൂപയും കേന്ദ്രത്തിൽ നിന്നും ലഭിക്കാനുണ്ട്.** |
| (സി) | സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഇല്ലാതാക്കുക എന്ന ഉദ്ദേശത്തോടുകൂടി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | **കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി നികുതി വിഹിതത്തിലും വായ്പ അടക്കമുള്ള സർക്കാർ വരവിലും ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. മുൻകാലങ്ങളിലും ഇത് സർക്കാർ** |

| | | | |
|---|---|---|---|
| | | | **സ്വീകരിക്കുന്ന നടപടിക്രമമാണ്. അത്തരം നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ചെലവുകളിൽ മിതത്വം പാലിച്ചും പേയ്മെന്റുകൾക്ക് മുൻഗണന പാലിച്ചും നിലവിലെ പണലഭ്യതക്കുറവ് വികസന ക്ഷേമ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുവാനുള്ള ക്രിയാത്മക നടപടികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്.** |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 536
### 08.10.2024 - ലെ മറുപടിക്ക്

### സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ശ്രീ. കെ.എൻ ബാലഗോപാൽ<br>ധനകാര്യ വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള ഊർജ്ജിതമായ നടപടികൾ 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മൈനിംഗ് & ജിയോളജി, എക്സൈസ്, മോട്ടോർ വാഹനം, രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ എന്നീ വകുപ്പുകളിലെ വിവിധ ഇനങ്ങളുടെ നിരക്ക് വർദ്ധനവ് ഇതിൽ ഉൾപ്പെടുന്നു. അതോടൊപ്പം നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനും, ചെറുകിട മേഖലയ്ക്ക് കൂടുതൽ ഉണർവ് നല്കുന്നതിന്റെ ഭാഗമായും, ജി.എസ്.റ്റി വകുപ്പിലെ നികുതി കുടിശ്ശിക തീർപ്പാക്കുക എന്നതിന്റെ ഭാഗമായും 'ആംനസ്റ്റി 2024' പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു.<br>സംസ്ഥാനത്തിന്റെ പ്രധാന നികുതി വരുമാന മേഖലയായ ജി.എസ്.റ്റി വരുമാനം വർദ്ധിപ്പിക്കുന്നതിനായി, ജി.എസ്.റ്റി നിയമവ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ വകുപ്പിനെ പുനഃസംഘടിപ്പിച്ച് നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് പുനഃസംഘടനയിലൂടെ ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| | സമ്പൂർണ്ണ ജി.എസ്.റ്റി പുന:സംഘടനയിലൂടെ ജി.എസ്.റ്റി വരുമാനം ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ദീർഘ കാലമായി പരിഷ്കരിക്കാത്ത നികുതി-നികുതിയേതര ഇനങ്ങളുടെ നിരക്കുകൾ കാലികമായി വർദ്ധിപ്പിക്കുന്നത് വഴിയും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിലൂടെയുമുള്ള വിഭവ സമാഹരണ പ്രവർത്തനങ്ങളും സർക്കാർ നടപ്പിലാക്കുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും, നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. റവന്യൂ വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകന യോഗം ചേരുന്നുണ്ട്. അതോടൊപ്പം, ദൈനംദിന ധനകാര്യ മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുമുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട അർഹമായ വിഹിതത്തിൽ ഹെഡ് തിരിച്ചുള്ള കുടിശ്ശിക വിവരം ലഭ്യമാക്കാമോ; | പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ 2023-24 വരെ ഹെൽത്ത് സെക്ടർ ഗ്രാന്റ് ഇനത്തിൽ ആകെ 411.37 കോടി രൂപയും, അർബൻ ലോക്കൽ ബോഡി ഗ്രാന്റ് (ULB Grant) ഇനത്തിൽ ആകെ 143.32 കോടി രൂപയും കേന്ദ്രത്തിൽ നിന്നും ലഭിക്കാനുണ്ട്. |

| | |
|---|---|
| **(സി)** സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഇല്ലാതാക്കുക എന്ന ഉദ്ദേശത്തോടുകൂടി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി നികുതി വിഹിതത്തിലും വായ്പ അടക്കമുള്ള സർക്കാർ വരവിലും ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. മുൻകാലങ്ങളിലും ഇത് സർക്കാർ സ്വീകരിക്കുന്ന നടപടിക്രമമാണ്. അത്തരം നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ചെലവുകളിൽ മിതത്വം പാലിച്ചും പേയ്മെന്റുകൾക്ക് മുൻഗണന പാലിച്ചും നിലവിലെ പണലഭ്യതക്കുറവ് വികസന ക്ഷേമ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുവാനുള്ള ക്രിയാത്മക നടപടികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. |

**സെക്ഷൻ ഓഫീസർ**